നിലവിൽ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4500 മരുന്ന് സാമ്പിളുകളും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ 2000 മരുന്ന് സാമ്പിളുകളും പരിശോധിക്കുന്നതിനുള്ള സൗകര്യ മാണുള്ളത്. ഇത് വിപണിയിൽ വിറ്റഴിക്കുന്ന മരുന്ന സാമ്പിളുകളുടെ 2.5 ശതമാനം മാത്രമാണ്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടുകൂടി വിതരണം ചെയ്യുന്ന ആകെ ബാച്ചുകളുടെ 10 ശതമാനം സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്താൻ സാധിക്കും. എല്ലാ ഔഷധ പരിശോധനാ ലബോറട്ടറികളും പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തെ ഔഷധ പരിശോധനാ സമ്പ്രദായം പര്യാപ്തമാകുന്നതാണ്. കൂടാതെ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിൽ വിതരണത്തിനായി എത്തിക്കുന്ന എല്ലാ മരുന്നുകളുടെയും നിർമ്മാതാക്കളിൽനിന്നും പ്രസ്തുത മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യാമെന്നുള്ള നിർമ്മാതാക്കളുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ടെണ്ടർ വ്യവസ്ഥകളിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സാക്ഷ്യപത്രം സാങ്കേതിക ഉപദേശക സമിതി പരിശോധിച്ച് ബോധ്യമായതിനുശേഷം പ്രസ്തുത മരുന്നുകൾ വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുക്കു ന്നതിലേക്കായി തീരുമാനിക്കപ്പെടുന്നു.

മരുന്നുകളുടെ ഗുണനിലവാരം

124 (3558) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വിവിധങ്ങളായ അലോപ്പതി, ആയുർവേദ, ഹോമിയോ മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്നുകളുടെ ഗുണനിലവാര പരിശോധനക്കായി എന്തെല്ലാം സംവിധാന ങ്ങളാണ് നിലവിലുള്ളത് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ എല്ലാ ബാച്ചുകളിലും ഗുണനിലവാര പരിശോധന കൃത്യമായി നടത്താറുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ 1945-ലെ ഷെഡ്യൂൾ എം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും അനുസൃതമായി എല്ലാ മരുന്ന് നിർമ്മാതാക്കളും തങ്ങൾ നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്. ആയത് വകുപ്പിലെ ഉദ്യോഗസ്ഥർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി മരുന്ന് നിർമ്മാണശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിന് പുറമെ സ്റ്റോറേജ്, ട്രാൻസ്പോർട്ടേഷൻ എന്നിവയിലുള്ള അപാകതകൾമൂലം ഗുണനിലവാരം കുറഞ്ഞതായി സംശയം തോന്നുന്ന മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചില മരുന്നുകളുടെ പ്രത്യേക ബാച്ചുകൾ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ വിതരണം സ്ഥാനത്ത് തടഞ്ഞ് നിർമ്മാതക്കൾക്കെതിരെ വകുപ്പുതല/നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. 2014 വർഷത്തിൽ പരിശോധിച്ച മരുന്നുസാമ്പിളുകളിൽ 3% മരുന്ന് സാമ്പിളുകളാണ് ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയത്.

(ബി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും അടുത്തകാലത്തായി എറണാകുളത്ത് പ്രവർത്തനമാരംഭിച്ച റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി വകുപ്പിനുകീഴിലുള്ളത്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ 1945-ലെ ഷെഡ്യൂൾ എം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും അനുസൃതമായി എല്ലാ മരുന്ന് നിർമ്മാതാക്കളും തങ്ങൾ നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്. ആയത് വകുപ്പിലെ ഉദ്യോഗസ്ഥർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി മരുന്ന് നിർമ്മാണശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമേ സ്റ്റോറേജ്, ട്രാൻസ്പോർട്ടേഷൻ എന്നിവയിലുള്ള അപാകതകൾമൂലം ഗുണനിലവാരം കുറഞ്ഞതായി സംശയംതോന്നുന്ന മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(ഡി) നിലവിലുള്ള ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ലാബുകൾക്ക് ആധുനിക പരിശോധനാ സംവിധാനങ്ങൾ ലഭ്യമാക്കി മരുന്നുകളുടെ ഗുണനിലവാരം കാര്യക്ഷമാക്കുന്നതിനായി പ്രസ്തുത ലബോറട്ടറികൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോംകോ

125 (3559) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോംകോ അന്യ-സംസ്ഥാനങ്ങളിൽ മരുന്നുവിതരണം നടത്തുന്നതിനുള്ള സെയിൽസ് പ്രൊമോഷൻ ജോലികൾക്കായി ഓരോ സംസ്ഥാനത്തും എത്ര ഏജന്റുമാരെ നിശ്ചയിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ജോലിചെയ്യുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത വ്യക്തികൾക്ക് നൽകുന്ന ഏജൻസി കമ്മീഷൻ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 2014-15-ൽ ഏജൻസി കമ്മീഷൻ ഇനത്തിൽ ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്നുവീതം ഏജന്റുമാർ.

(ബി) സ്ഥാപനങ്ങളുടെ വിലാസം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മരുന്നിന്റെ വിലയുടെ 20 ശതമാനം.

(ഡി) 2014-15-ൽ ഏജൻസി കമ്മീഷനായി 53,37,305 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹോംകോ-യ്ക്ക് ഗ്രാന്റ്

126 (3560) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഓരോന്നിലും എത്രരൂപ വീതം ഗ്രാന്റിനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓരോ കാലയളവിലും ഗ്രാന്റിനത്തിൽ ലഭിച്ച എത്ര രൂപ ഹോംകോ ചെലവഴിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly